# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2490** **19/12/2012 ൽ മറുപടിക്ക്**

### റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി

**ചോദ്യം** **മറുപടി**

**ശ്രീമതി കെ.എസ്. സലീഖ**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി ലഭ്യമാക്കുന്നതിലേക്കായി ബഹു. കേരളാ മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സഹായമായി 2006-2011 മാർച്ച് വരെ എന്ത് തുക വീതം അനുവദിച്ചുവെന്നും 2011 ഏപ്രിൽ മുതൽ 2012 നവംബർ 30 നകം എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | 2006 മുതൽ 2011 മാർച്ച് മാസം വരെ 5 (അഞ്ച്) കോടി രൂപ 2007-08 ൽ കേന്ദ്ര സഹായമായി ലഭിച്ചു. 2011 ഏപ്രിൽ മുതൽ 2012 നവംബർ 30 നകം 4 കോടി 80 ലക്ഷം (₹ 4,80,00,000) രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത്. |
| (സി) | ആർ.സി.സി.ക്ക് വിദേശ സഹായം ഏതൊക്കെ രാജ്യങ്ങളിൽ നിന്നും ലഭിക്കുന്നുവെന്നും എപ്രകാരമുള്ള പദ്ധതികളിലൂടെയാണ് ഇത് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | ആർ.സി.സി.യുടെ പ്രവർത്തനങ്ങൾക്കായി വിദേശങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നില്ല. എന്നാൽ വിദേശങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ സഹകരണത്തോടുകൂടിയുള്ള ഗവേഷണ പദ്ധതികൾക്ക് ആ സംഘടനകളിൽ നിന്നും കഴിഞ്ഞ അഞ്ചു വർഷക്കാലം ലഭിച്ച ധന സഹായത്തിന്റെ വിശദാംശം താഴെപ്പറയുന്നു.<br><br>2007-08 - 1.10 കോടി രൂപ<br>2008-09 - 1.13 കോടി രൂപ<br>2009-10 - 1.47 കോടി രൂപ<br>2010-11 - 0.93 കോടി രൂപ<br>2011-12 - 1.10 കോടി രൂപ<br>പ്രസ്തുത സംഘടനകളുടേയും അവ പ്രവർത്തിക്കുന്ന രാജ്യങ്ങളുടേയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിലെ കാൻസർ രോഗികളുടെ എണ്ണം മുപ്പത് വർഷംകൊണ്ട് എത്ര ശതമാനം വർദ്ധിച്ചു; കഴിഞ്ഞ മുപ്പത് വർഷം കൊണ്ട് എത്ര പേർ ആർ.സി.സി.യിൽ ചികിത്സയ്ക്കെത്തി; | (ഡി) | കഴിഞ്ഞ മുപ്പത് വർഷം കൊണ്ട് ആർ.സി.സി.യിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികളിൽ 280% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാലയളവിൽ ആർ.സി.സി.യിൽ പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളുടെ എണ്ണം 2,49,362 ആണ്. |
| (ഇ) | 1982-ൽ എത്രപേർ ആർ.സി.സി.യിൽ ചികിത്സ തേടി എത്തി; ആയത് 2011-ൽ എത്രകണ്ട് ഉയർന്നു; വ്യക്തമാക്കുമോ; | (ഇ) | ആർ.സി.സി.യിൽ പുതുതായി ചികിത്സയ്ക്കെത്തിയ കാൻസർ രോഗികളുടെ എണ്ണം 1982-ൽ 3696 ഉം 2011 ൽ 14016 ഉം ആണ് അതായത് 280% വർദ്ധനവ്. |
| (എഫ്) | 1982-2012 കാലയളവിൽ പുരുഷൻമാരിലെ വദനാർബുദം, ശ്വാസകോശാർബുദം, സ്ത്രീകളിൽ കാണുന്ന ഗർഭാശയ കാൻസർ, സ്തനാർബുദം, 14 വയസ്സുവരെ കുട്ടികളിൽ കണ്ടുവരുന്ന ലൂക്കീമിയ ഇവയുടെ ഏറ്റക്കുറച്ചിലുകളുടെ താരതമ്യം വ്യക്തമാക്കുമോ; | (എഫ്) | 1982-2011 കാലയളവിൽ വദനാർബുദ ബാധിതരായി 29696 പേർ ആർ.സി.സി.യിൽ പുതുതായി എത്തിയിട്ടുള്ളതിൽ 19550 പേർ പുരുഷന്മാരാണ്. 1982-ൽ പുരുഷന്മാരായ വദനാർബുദ രോഗികളുടെ എണ്ണം 459 ആയിരുന്നു. 2011-ൽ ഇത് 861 ആയി വർദ്ധിച്ചു. എന്നാൽ ഇത് പ്രസ്തുത വർഷം രജിസ്റ്റർ ചെയ്യപ്പെട്ട പുരുഷന്മാരായ കാൻസർ രോഗികളുടെ 14% മാത്രമായിരുന്നു.<br>1982-2011 കാലയളവിൽ 16484 പേർ ശ്വാസകോശാർബുദ ബാധിതരായി ആർ.സി.സി.യിൽ എത്തിയതിൽ 14511 പേർ പുരുഷന്മാരായിരുന്നു. 1982 ൽ ശ്വാസകോശ അർബുദമായി 187 പുരുഷന്മാരാണ് ആർ.സി.സി.യിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ 2011 ൽ ഇത് 842 ആയി മാറി.<br>സ്തനാർബുദബാധിതരായി 1982-2011 കാലയളവിൽ മൊത്തം 26741 സ്ത്രീകളാണ് പുതുതായി ആർ.സി.സി.യിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. 1982 ൽ 245 സ്ത്രീകൾ സ്തനാർബുദ ബാധിതരായി ആർ.സി.സി-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. 2011 ൽ ഇവരുടെ എണ്ണം 6168 ആയി. ആർ.സി.സി.യിൽ 1982-2011 കാലയളവിൽ ഗർഭാശയഗള കാൻസർ ബാധിതരായി 14617 പേർ പുതുതായ് രജിസ്റ്റർ ചെയ്യപ്പെട്ടു. 1982 ൽ 403 ഗർഭാശയഗളകാൻസർ രോഗികൾ |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്യപ്പെട്ടു. 2011 ൽ ഇത് 504 ആയിരുന്നു. 1982-2011 കാലയളവിൽ 3897 ലുക്കീമിയ ബാധിതരായി ആർ.സി.സി.യിൽ എത്തിയ കുട്ടികളിൽ 2340 പേർ ആൺകുട്ടികളും 1557 പേർ പെൺകുട്ടികളുമായിരുന്നു. മുപ്പതു വർഷത്തിനുള്ളിൽ ലുക്കീമിയ ബാധിതരായി ആൺകുട്ടികളുടെ എണ്ണത്തിൽ 69%-വും പെൺകുട്ടികളുടെ എണ്ണത്തിൽ 137% -വും വർദ്ധനവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ജി) | ആർ.സി.സി.യിൽ സൃഷ്ടിക്കേണ്ട അടിസ്ഥാന സൌകര്യങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ജി) | ഡോർമിറ്ററി സൌകര്യങ്ങടക്കം ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ആർ.സി.സി.യിൽ സൃഷ്ടിക്കേണ്ട ആവശ്യങ്ങളടങ്ങുന്ന ഒരു പ്രൊപ്പോസൽ ആർ.സി.സി തയ്യാറാക്കി വരുന്നു. |
| (എച്ച്) | കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൌജന്യയാത്ര ലഭ്യമാക്കുന്നതിന് ഗതാഗത വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (എച്ച്) | 10/04/2012 ലെ ജി.ഒ(എം.എസ്). 21/2012/ഗതാഗതം ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ കാൻസർ രോഗികൾക്ക് 50% സൌജന്യ നിരക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl.No. | Institution/Individual Other donors | Name(s)& Address(es) | Purpose(s) |
|---|---|---|---|
| 1 | Institution | Health Research Foundation.Kyoto.Japan | Research |
| 2 | Institution | International Agency for Research on Cancer,Lyon France(A unit of WHO) | Research |
| 3 | Institution | Cancer Registry,Finland | Research |
| 4 | Institution | Atlas Trial Office,Oxford, UK | Research |
| 5 | Institution | University of Oxford,UK | Research |
| 6 | Institution | Jiv Daya Foundation,USA | Research |
| 7 | Institution | Memorial Sloan Kettering Cancer Centre,New York,USA | Research |
| 8 | Institution | National Cancer Centre,Singapore | Research |